# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3272 | 20.06.2014-ൽ മറുപടിക്ക് |
|---|---|

**ചൈൽഡ് ലൈൻ ഓഫ് ഇന്ത്യാ ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.മുല്ലക്കര രത്നാകരൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | കുട്ടികളുടെ ക്ഷേമത്തിനായി കേരളത്തിൽ പ്രവർത്തിക്കുന്ന സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങളും, സംവിധാനങ്ങളും ഏതൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) | കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സർക്കാർ സംവിധാനങ്ങളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. |

1. സാമൂഹ്യനീതി വകുപ്പ് കേന്ദ്രസഹായത്തോടെ സംയോജിത ശിശു സംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ കീഴിൽ സംസ്ഥാനത്ത് 8 ചിൽഡ്രൻസ് ഹോമുകളും, 14 ഒബ്സർവേഷൻ ഹോമുകളും 7 സ്പെഷ്യൽ ചിൽഡ്രൻസ് ഹോമുകളും പ്രവർത്തിക്കുന്നു. അഡോപ്ഷൻ ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ് തുടങ്ങിയവ ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്നു.
2. കേന്ദ്രസഹായത്തോടെ കേരളത്തിൽ 14 ജില്ലകളിലും ചൈൽഡ്ലൈൻ സർവ്വീസസ് ലഭിക്കുന്നു. ചൈൽഡ് ലൈനിന്റെ ടോൾഫ്രീ നമ്പരായ 1098-ൽ ശാരീരികമായോ മാനസികമായോ പീഡനമനുഭവിക്കുന്നവരോ ഒറ്റപ്പെട്ടുപോയവരോ ആയ കുട്ടികൾക്കോ അവരെ കണ്ടെത്തുന്നവർക്കോ ബന്ധപ്പെട്ടാലുടൻ തന്നെ സഹായം എത്തിക്കുകയും അവരുടെ പുനരധിവാസത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ Track child എന്ന വെബ് പോർട്ടലിൽ കാണാതായ കുട്ടികളുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുള്ളതിനാൽ ഇന്ത്യയിൽ എവിടെ കണ്ടെത്തിയാലും തിരികെ എത്തിക്കാൻ സംവിധാനമുണ്ട്.

3. ബാലനീതി നിയമം നടപ്പിലാക്കുന്നതിന് ജുവനൈൽ ജസ്റ്റീസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

4. സാമൂഹ്യസുരക്ഷാ മിഷന്റെ കീഴിൽ 18 വയസ്സിനു താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന ക്യാൻസർ സുരക്ഷാ പദ്ധതി' കുട്ടികൾക്കുണ്ടാകുന്ന ഹൃദയ സംബന്ധമായ രോഗങ്ങൾ, നാഡീരോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥി വൈകല്യങ്ങൾ, എൻഡോസൾഫാൻ രോഗബാധിതരുടെ രോഗങ്ങൾ, ഡയാലിസിസ്, ശസ്ത്രക്രിയ അടക്കമുള്ള ചികിത്സാ ചെലവ് വഹിക്കുന്ന 'താലോലം പദ്ധതി', 0-5 വയസ്സുവരെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും, തുടർച്ചയായ ആഡിയോവെർബൽ ഹാബിലിറ്റേഷനിലൂടെ സംസാരശേഷിയും ലഭ്യമാക്കുന്ന 'ശ്രുതി തരംഗം പദ്ധതി' കുട്ടികളിൽ സാമൂഹ്യ വ്യതിയാനം തടയാനും സാമൂഹ്യ ഉത്തരവാദിത്വം വർദ്ധിപ്പിക്കാനും ലക്ഷ്യം വെച്ചുകൊണ്ടുള്ള 'ഒ.ആർ.സി'. എന്നീ പദ്ധതികളും പ്രവർത്തിക്കുന്നു.

5. സംസ്ഥാനത്ത് കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പ്രവർത്തിക്കുന്നു.

6. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ സംസ്ഥാനത്ത് 1150 ഓർഫനേജുകൾ പ്രവർത്തിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ചൈൽഡ് ലൈൻ ഇന്ത്യാ ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്ക് സർക്കാർ സഹായം ലഭ്യമാക്കുന്നുണ്ടോ ; | (ബി) & | കേന്ദ്രസർക്കാർ ചൈൽഡ് ലൈൻ ഇന്ത്യാ ഫൗണ്ടേഷന് 100% ധനസഹായം നേരിട്ട് നൽകുന്നുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത സംഘടനയ്ക്ക് നൽകിയ സാമ്പത്തിക സഹായം വർഷം തിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കാമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ